## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2835.** **17.06.2019 ൽ മറുപടിയ്ക്ക്**

## വിദ്യാലയ പരിസരങ്ങളിലെ ലഹരി വില്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഒ. രാജഗോപാൽ**<br>,, **പി.സി. ജോർജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ സമീപത്ത് കഞ്ചാവ്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ കച്ചവടം ചെയ്യുന്നത് തടയുവാൻ വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് കഞ്ചാവ്, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനവും, ഉപയോഗവും കണ്ടെത്തുന്നതിനും, തടയുന്നതിനും എക്സൈസ് ഷാഡോ സംവിധാനവും, ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ വിവരങ്ങൾ ശേഖരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ഓരോ ഉദ്യോഗസ്ഥനും ഓരോ സ്കൂളിന്റെ നിരീക്ഷണ ചുമതല നൽകി ഈ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്തു വരുന്നു. |
| (ബി) | മുൻ അദ്ധ്യയന വർഷം (2018-19) ഈ വിധത്തിൽ കഞ്ചാവ്, മറ്റ് ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവ | (ബി) | മുൻ അദ്ധ്യായന വർഷം (2018-19) കഞ്ചാവ്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ കോളേജുകളുടെയും, സ്കൂളുകളുടെയും സമീപത്ത് കച്ചവടം |

| | | | |
|---|---|---|---|
| | കോളേജുകളുടേയും, സ്കൂളുകളുടേയും സമീപത്ത് കച്ചവടം നടത്തിയതിന് എത്ര പേരെ എക്സൈസ് അറസ്റ്റ് ചെയ്തിട്ടുണ്ട്; അതിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; വിശദമാക്കാമോ; | | നടത്തിയതിന് NDPS നിയമ പ്രകാരം 495 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും, 77 പേരെ ശിക്ഷിച്ചിട്ടുള്ളതുമാണ്. കണ്ടെടുത്ത കേസുകളിൽ ബാക്കിയുള്ളവ ബഹു.കോടതിയുടെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത കച്ചവടം തടയുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് യോഗം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ; വിശദമാക്കാമോ? | (സി) | പത്തനംതിട്ട, കോട്ടയം, മലപ്പുറം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ സ്കൂൾ തുറക്കുന്നതിന് മുമ്പ് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**